പതിമൂന്നാം കേരള നിയമസഭ - അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6334 11/07/2012 - ൽ മറുപടിക്ക്

## സുസ്ഥിര മത്സ്യകൃഷി വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ഡി. സതീശൻ:<br>,, എം.എ. വാഹീദ്:<br>,, പാലോട് രവി: | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) സുസ്ഥിര മത്സ്യകൃഷി വികസന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (എ) സംസ്ഥാനത്തെ മത്സ്യോല്പാദനം നിലവിലുള്ളതിൽ നിന്നും ഗണ്യമായി ഉയർത്തുക എന്നതാണ് സുസ്ഥിര മത്സ്യകൃഷിയിലൂടെ ഉദ്ദേശിക്കുന്നത്. ഇതിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു.<br>സംസ്ഥാനത്തെ ഉൾനാടൻ മത്സ്യ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കിക്കൊണ്ട് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന 'മത്സ്യ സമൃദ്ധി' മുഖേന മൂന്ന് വർഷം കൊണ്ട് ഉൾനാടൻ മത്സ്യോത്പാദനം 1.5 ലക്ഷം ടണ്ണിൽ നിന്നും 2.5 ലക്ഷം ടണ്ണായി വർദ്ധിപ്പിക്കാൻ ലക്ഷ്യമിടുന്നു. ഇത് കൂടാതെ മത്സ്യകർഷക വികസന ഏജൻസി മുഖേന മത്സ്യകൃഷി പദ്ധതികളും പൊതുജലാശയങ്ങളിൽ മത്സ്യ വിത്തു നിക്ഷേപവും സംസ്ഥാനത്തെ 20 ജലസംഭരണികളിൽ ദേശീയ മത്സ്യ വികസന ബോർഡിന്റെ ധന സഹായത്തോടെ മത്സ്യ/ആറ്റു കൊഞ്ച് വിത്ത് സംഭരണവും നടന്നു വരുന്നു. ജലകൃഷി വികസന ഏജൻസി (അഡാക്ക്) മുഖേന 13-ാം ധനകാര്യ കമ്മീഷൻ ധനസഹായത്തോടെ 2011 വർഷത്തിൽ ആരംഭിച്ച് 2014 വരെ തുടരുന്ന 'കുട്ടനാടൻ കാർഷിക പരിസ്ഥിതി പുനരുജ്ജീവന ത്തിനായി സുസ്ഥിര മത്സ്യകൃഷി'. എന്ന പദ്ധതിയ്ക്ക് 40.23 കോടിയുടെ അംഗീകാരം ലഭിച്ചിരുന്നു. ഒരു നെല്ലും |

| | | | |
|---|---|---|---|
| | | | ഒരു മീനും പദ്ധതി (3100 ഹെക്ടർ), വല്ലങ്ങളിലെ മത്സ്യകൃഷി (300 യൂണിറ്റ്), പരമ്പരാഗത മത്സ്യസമ്പത്ത് സംരക്ഷണം (3 സാങ്ച്വറികൾ), കരിമീൻ വിത്തുല്പാദന യൂണിറ്റുകൾ (100 എണ്ണം) എന്നിവയാണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കരിമീൻ, കുട്ടനാടൻ കൊഞ്ച് എന്നിവയുടെ ഉത്പാദനക്ഷമത കൂട്ടുന്നതിനുള്ള സമഗ്ര പദ്ധതിയ്ക്ക് 20.03 കോടിയുടെ അംഗീകാരം 13-ാം ധനകാര്യ കമ്മീഷൻ ധനസഹായത്തോടെയുള്ള കുട്ടനാട് പാക്കേജ് പ്രകാരം ലഭിച്ചിട്ടുണ്ട്. ആയിരംതെങ്ങ് ഫാമിൽ മാതൃക കരിമീൻ വിത്തുല്പാദന കേന്ദ്രവും, ഗവേഷണ പരിശീലന കേന്ദ്രവും സ്ഥാപിക്കൽ, കൂടുകളിലെ മത്സ്യകൃഷി (12 യൂണിറ്റുകൾ), കരിമീൻ, ആറ്റുകൊഞ്ച്, സീഡ് റാഞ്ചിംഗ്/സാങ്ച്വറി സ്ഥാപിക്കൽ എന്നിവ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നു. മേൽ വിവരിച്ച പദ്ധതികൾ പൂർത്തീകരിക്കുന്നതിലൂടെ കുട്ടനാടിന്റെ കാർഷികോല്പാദനത്തിലും, മത്സ്യോല്പാദനത്തിലും വമ്പിച്ച വർദ്ധനവ് പ്രതീക്ഷിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | എവിടെയെല്ലാമാണ് ഈ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ? | (സി) | മത്സ്യസമൃദ്ധി പദ്ധതി എല്ലാ ജില്ലകളിലും നടപ്പാക്കി വരുന്നു. കൂടാതെ 13-ാം ധനകാര്യ കമ്മീഷൻ ധനസഹായത്തോടെയുള്ള പദ്ധതികൾ പത്തനംതിട്ട, കോട്ടയം, ആലപ്പുഴ ജില്ലകളിലെ കുട്ടനാടൻ പാടശേഖരങ്ങളിലും പൊതു ജലാശയങ്ങളിലുമാണ് നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ